ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 176 അടി.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) 2004 ആഗസ്റ്റിൽ ഇതു സംബന്ധിച്ച ചോദ്യം ലോകസഭയിൽ ഉന്നയിക്കപ്പെട്ടത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പെൻഷൻകാർക്ക് കേന്ദ്ര ഗവൺമെന്റ് നിരക്കിൽ ഡിയർനസ് റിലീഫ് അനുവദിക്കാൻ നടപടി

5 (*182) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ശങ്കരൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് പെൻഷൻകാർക്ക് അനുവദിക്കുന്ന ഡിയർനസ് റിലീഫ് വർദ്ധന കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തീയതി മുതൽ സംസ്ഥാന പെൻഷൻകാർക്കും നൽകണമെന്നും പെൻഷൻ കുടിശ്ശിക ഒന്നിച്ചു നൽകണമെന്നും സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; ഗവൺമെന്റിന്റെ അടുത്ത വർഷത്തെ പരിപാടിയിൽ പെൻഷൻകാർക്ക് നൽകേണ്ട ആനുകൂല്യങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തി നടപ്പിലാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) 25-8-2004-ലെ ജി.ഒ.(പി)390/04/ധന. എന്ന ഉത്തരവു പ്രകാരം അനുവദിച്ച ക്ഷാമാശ്വാസ കുടിശ്ശിക ഒന്നിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ അപേക്ഷിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പെൻഷൻകാർക്ക് അനുവദിക്കുന്ന ഡിയർനസ് റിലീഫ് വർദ്ധ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന തീയതി മുതൽ സംസ്ഥാന പെൻഷൻകാർക്ക് നലികി വരുന്നുണ്ട്.

(ബി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്താണ് ക്ഷാമാശ്വാസ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുക്കുന്നത് എന്നു കാണിച്ച് കൊണ്ട് 8-12-2004-ൽ അസോസിയേഷന് സർക്കാർ മറുപടി നൽകിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് പെൻഷൻകാർക്ക് നൽകേണ്ട ആനുകൂല്യങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly